ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ആന്റ് എഞ്ചിനീയറിംഗ് വിംഗ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം
(ഹാജർ: ജോൺസൻ.കെ)

**വിഷയം**:- ത.സ്വ.ഭ.വ-ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ആന്റ് എഞ്ചിനീയറിംഗ് വിംഗ്- ഐ.സി.ഡി.എസ് അങ്കണവാടി കെട്ടിട നിർമ്മാണം - സംബന്ധിച്ച്.

**സൂചന**:- 1) സ.ഉ(സാധാ) നം.206/2018/സാ.നീ.വ തീയതി 30.03.2018.
2) സ.ഉ(സാധാ) നം.2867/2018/ധന തീയതി 28.03.2018.
3) സ.ഉ(സാധാ) നം.223/2018/സാ.നീ.വ തീയതി 31.03.2018.
4) 26.09.2018 തീയതിയിലെ വനിത ശിശുവികസന ഡയറക്ടറുടെ ഐ.സി.ഡി.എസ്/എ7/3612/2017 നമ്പർ നടപടിക്രമം.
5) 30.07.2021 തീയതിയിലെ വനിത ശിശുവികസന ഡയറക്ടറുടെ ഐ.സി.ഡി.എസ്/എ7/8610/21 നമ്പർ നടപടിക്രമം.
6) 13.08.2021 തീയതിയിലെ വനിത ശിശുവികസന ഡയറക്ടറുടെ ഐ.സി.ഡി.എസ്/എ7/8610/21 നമ്പർ നടപടിക്രമം.

ഉത്തരവ് നമ്പർ ഇ14/12793/2018/സിഇ/തസ്വഭവ തീയതി 08.11.2021

2017-18 സാമ്പത്തിക വർഷം 4235-02-102-96 (P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1300 ലക്ഷം രൂപ വിനിയോഗിച്ച് 14.50 ലക്ഷം രൂപ യൂണീറ്റ് കോസ്റ്റിൽ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നിർമ്മാണ ചെലവിന്റെ 40% തുക ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്ന വ്യവസ്ഥയിൽ 149 അങ്കണവാടി കെട്ടിടങ്ങൾ തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന നിർമ്മിക്കുന്നതിന് സൂചന(1) പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിരുന്നു. അങ്കണവാടി കെട്ടിട നിർമ്മാണത്തിന് തുക വകയിരുത്തിയിരുന്ന 4235-02-102-96 (P) ശീർഷകം PWD ചീഫ് എഞ്ചിനീയറുടെ നിയന്ത്രണത്തിൽ ആയതിനാൽ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് 4235-02-102-87(P) എന്ന ശീർഷകം അനുവദിക്കുകയും പ്രസ്തുത ശീർഷകത്തിന്റെ കൺട്രോളിംഗ് ആഫീസറായി തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം, ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി സൂചന(2) പ്രകാരം ഉത്തരവാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 149 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ തുക

(മറുപുറം)

4235-02-102-87(P) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് സൂചന(3) പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 149 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള ചുമതല തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന് നൽകി സൂചന (4) പ്രകാരം ഉത്തരവായിരുന്നു.

സൂചന (4) പ്രകാരമുള്ള ഉത്തരവ് പട്ടികയിൽ ഉൾപ്പെട്ട തിരുവനന്തപുരം ജില്ലയിലെ **തൊളിക്കോട്** പഞ്ചായത്തിലെ **68-ാം** നമ്പർ അങ്കണവാടിയ്ക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കെട്ടിട നിർമ്മാണം പൂർത്തിയാക്കിയതിനാൽ ടി അങ്കണവാടിയെ മേൽ പദ്ധതിയിൽ നിന്നും ഒഴിവാക്കി പകരം തിരുവനന്തപുരം ജില്ലയിലെ **ആര്യനാട്** പഞ്ചായത്തിലെ **21-ാം** നമ്പർ അങ്കണവാടിയെ മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് സൂചന(5) പ്രകാരവും മലപ്പുറം ജില്ലയിലെ **അരീക്കോട്** പഞ്ചായത്തിലെ **17-ാം** നമ്പർ അങ്കണവാടിയ്ക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കെട്ടിട നിർമ്മാണം പൂർത്തിയാക്കിയതിനാൽ ടി അങ്കണവാടിയെ മേൽ പദ്ധതിയിൽ നിന്നും ഒഴിവാക്കി പകരം ഇതേ പഞ്ചായത്തിലെ **16-ാം** നമ്പർ അങ്കണവാടിയെ മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് സൂചന(6) പ്രകാരവും അനുമതി ലഭ്യമായിട്ടുണ്ട്.

പ്രസ്തുത ഉത്തരവിൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് 60% വിഹിതം സർക്കാറും 40% വിഹിതം അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമാണ് വഹിക്കുന്നത്. പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ തുക 4235-02-102-87(പി) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനാണ് അനുമതി ലഭ്യമായിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ പ്രസ്തുത അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണ പൂർത്തീകരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്, LID & EW സെക്ഷൻ, അസ്സിസ്റ്റന്റ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

(തുടരും)

**നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക്** ആനുപാതിക സർക്കാർ വിഹിതം അനുവദിക്കുന്നതിന് നിശ്ചിത മാതൃകയിലുള്ള ബിൽ, അനുബന്ധരേഖകൾ സഹിതം ഉചിത മാർഗ്ഗേന ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് LID & EW വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ മേൽ പ്രവർത്തികളുടെ നിർമ്മാണ പുരോഗതി നിശ്ചിത ഇടവേളകളിൽ വിലയിരുത്തേണ്ടതും കാലതാമസം ഉണ്ടാവുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

ഒപ്പ്
ചീഫ് എഞ്ചിനീയർ

//അംഗീകാരത്തോടെ //

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ

<u>പകർപ്പ്</u>

(1) വനിത ശിശുവികസന ഡയറക്ടർ, പൂജപ്പുര, തിരുവനന്തപുരം.
(2) അസിസ്റ്റന്റ് എഞ്ചിനീയർ, LID & EW സെക്ഷൻ, ആര്യനാട് ഗ്രാമപഞ്ചായത്ത്.
(3) അസിസ്റ്റന്റ് എഞ്ചിനീയർ, LID & EW സെക്ഷൻ, അരീക്കോട് ഗ്രാമപഞ്ചായത്ത്.
(4) LID & EW വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം.
(5) LID & EW വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത്, മലപ്പുറം.
(4) കരുതൽ/സ്റ്റോക്ക് ഫയൽ.

ഭരണഭാഷ മാതൃഭാഷ

## വനിതശിശുവികസനഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം : അനുപമ റ്റി.വി. IAS)

വിഷയം : വനിതശിശുവികസനവകുപ്പ്- അങ്കണവാടി കെട്ടിട നിർമ്മാണം-2017-18 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് പ്ലാൻ ഫണ്ട് (4235-02-102-87 (P) – ശീർഷകത്തിൽ ഉൾപ്പെടുത്തിയുള്ള അങ്കണവാടി കെട്ടിട നിർമ്മാണം- ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : 1) സർക്കാരിന്റെ 30/03/2018 തീയതിയിലെ സ.ഉ.(സാധാ) നം.206/2018 സാനീവ നമ്പർ ഉത്തരവ്

2) സർക്കാരിന്റെ 28/03/2018 തീയതിയിലെ G.O(Rt)No.2867/2018/Fin നമ്പർ ഉത്തരവ്

3) സർക്കാരിന്റെ 31/03/2018 തീയതിയിലെ സ.ഉ.(സാധാ) നം.223/2018 സാനീവ നമ്പർ ഉത്തരവ്

4) ഈ കാര്യാലയത്തിലെ 26/09/2018 തീയതിയിലെ ICDS/A7-3612/2017 നമ്പർ ഉത്തരവ്

5) വെള്ളനാട് അഡീഷണൽ സിഡിപിഒയുടെ 30/12/2020 തീയതിയിലെ ICDS/ARND/420/2020 നമ്പർ കത്ത്

### ഉത്തരവ് നം ഐസിഡിഎസ്സ്/എ7-8610/21 തീയതി : 30/07/2021

2017-18 സാമ്പത്തിക വർഷം 4235-02-102-96 (P) ശീർഷകത്തിൽ വകയിരുത്തിയിരുന്ന 1300 ലക്ഷം രൂപ വിനിയോഗിച്ച് 14.50 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ നിർമ്മാണചെലവിന്റെ 40% തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനം വഹിക്കണമെന്ന വ്യവസ്ഥയിൽ 149 അങ്കണവാടി കെട്ടിടങ്ങൾ തദ്ദേശസ്വയംഭരണവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന നിർമ്മിക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിരുന്നു. അങ്കണവാടി കെട്ടിട നിർമ്മാണത്തിന് തുക വകയിരുത്തിയിരുന്ന 4235-02-102-96 (P) ശീർഷകം PWD ചീഫ് എഞ്ചിനീയറുടെ നിയന്ത്രണത്തിൽ ആയതിനാൽ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് 4235-02-102-87 (P) എന്ന ശീർഷകം അനുവദിക്കുകയും പ്രസ്തുത ശീർഷകത്തിന്റെ കൺട്രോളിംഗ് ആഫീസറായി LSGD കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി പരാമർശം (2) പ്രകാരം ഉത്തരവാകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 149 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ തുക 4235-02-102-87 പ്ലാൻ ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് പരാമർശം (3) പ്രകാരം ഉത്തരവാകുകയും

ചെയ്തിരുന്നു . ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 149 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയും നിർമ്മാണ ചുമതല LSGD കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് നല്കികൊണ്ടും പരാമർശം (4) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത പദ്ധതി പ്രകാരം നിർമ്മാണാനുമതി നൽകിയിരുന്ന വെള്ളനാട് അഡീഷണൽ ഐസിഡിഎസ്സ് പ്രോജക്ടിലെ തൊളിക്കോട് പഞ്ചായത്തിലെ 68-ാം നമ്പർ അങ്കണവാടിയ്ക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കെട്ടിട നിർമ്മാണം പൂർത്തിയാക്കിയതിനാൽ ടി അങ്കണവാടിയെ സ്റ്റേറ്റ് പ്ളാൻ പദ്ധതിയിൽ നിന്നും ഒഴിവാക്കി പകരം സ്ഥലം ലഭ്യമായിട്ടുള്ള ആര്യനാട് പഞ്ചായത്തിലെ 21-ാം നമ്പർ അങ്കണവാടിയ്ക്ക് ടി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണാനുമതി നൽകണമെന്ന് വെള്ളനാട് അഡീഷണൽ ശിശുവികസനപദ്ധതി ആഫീസർ സൂചന (5) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു. സ്റ്റേറ്റ് പ്ളാൻ പദ്ധതി പ്രകാരം കെട്ടിടം നിർമ്മാണം നടത്തുന്നതിന് നിർമ്മാണചെലവിന്റെ 40% തുക ആര്യനാട് പഞ്ചായത്ത് വകയിരുത്തിയിട്ടുണ്ട് എന്നും ശിശുവികസനപദ്ധതി ആഫീസർ അറിയിച്ചിട്ടുണ്ട്.

ടി സാഹചര്യത്തിൽ വെള്ളനാട് അഡീഷണൽ ഐസിഡിഎസ്സ് പ്രോജക്ടിലെ തൊളിക്കോട് പഞ്ചായത്തിലെ 68-ാം നമ്പർ അങ്കണവാടിയെ പദ്ധതിയിൽ നിന്നും ഒഴിവാക്കി പകരം ആര്യനാട് പഞ്ചായത്തിലെ 21-ാം നമ്പർ അങ്കണവാടിയ്ക്ക് ടി പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തികൾ LSGD കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ ഏറ്റെടുത്ത് നടപ്പാക്കേണ്ടതാണ്.

മേൽ ഭേദഗതിയോടെ പരാമർശം (3 ) പ്രകാരമുള്ള ഉത്തരവ് നിലനിൽക്കുന്നതാണ്

ചീഫ് എഞ്ചിനീയർ
LSGD കെട്ടിട വിഭാഗം

ഒപ്പ്

വനിതശിശുവികസനഡയറക്ടർ

<u>പകർപ്പ്</u>

1.പ്രോഗ്രാം ആഫീസർ,തിരുവനന്തപുരം

2.സിഡിപിഒ,വെള്ളനാട് അഡീഷണൽ

3.ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Sende

സൂപ്രണ്ട്

## വനിതശിശുവികസനഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം : അനുപമ റ്റി.വി. IAS )

വിഷയം : വനിതശിശുവികസനവകുപ്പ് അങ്കണവാടി കെട്ടിട നിർമ്മാണം-2017-18 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് പ്ലാൻ ഫണ്ട് (4235-02-102-87 (P) - ശീർഷകത്തിൽ ഉൾപ്പെടുത്തിയുള്ള അങ്കണവാടി കെട്ടിട നിർമ്മാണം- ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : 1) സർക്കാരിന്റെ 30/03/2018 തീയതിയിലെ സ.ഉ.(സാധാ) നം.206/2018 സാനീവ നമ്പർ ഉത്തരവ്

2) സർക്കാരിന്റെ 28/03/2018 തീയതിയിലെ G.O(Rt)No.2867/2018/Fin നമ്പർ ഉത്തരവ്

3) സർക്കാരിന്റെ 31/03/2018 തീയതിയിലെ സ.ഉ.(സാധാ) നം.223/2018 സാനീവ നമ്പർ ഉത്തരവ്

4) ഈ കാര്യാലയത്തിലെ 26/09/2018 തീയതിയിലെ ICDS/A7-3612/2017 നമ്പർ ഉത്തരവ്

5) അരീക്കോട് സിഡിപിഒയുടെ 12/07/2021 തീയതിയിലെ 131(1)/2021 നമ്പർ കത്ത്

### ഉത്തരവ് നം.ഐസിഡിഎസ്/എ7-8610/21 തീയതി : 13/08/2021

2017-18 സാമ്പത്തിക വർഷം 4235-02-102-96 (P) ശീർഷകത്തിൽ വകയിരുത്തിയിരുന്ന 1300 ലക്ഷം രൂപ വിനിയോഗിച്ച് 14.50 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ നിർമ്മാണചെലവിന്റെ 40% തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനം വഹിക്കണമെന്ന വ്യവസ്ഥയിൽ 149 അങ്കണവാടി കെട്ടിടങ്ങൾ തദ്ദേശസ്വയംഭരണവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന നിർമ്മിക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിരുന്നു. അങ്കണവാടി കെട്ടിട നിർമ്മാണത്തിന് തുക വകയിരുത്തിയിരുന്ന 4235-02-102-96 (P) ശീർഷകം PWD ചീഫ് എഞ്ചിനീയറുടെ നിയന്ത്രണത്തിൽ ആയതിനാൽ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് 4235-02-102-87 (P) എന്ന ശീർഷകം അനുവദിക്കുകയും പ്രസ്തുത ശീർഷകത്തിന്റെ കൺട്രോളിംഗ് ആഫീസറായി LSGD കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി പരാമർശം (2) പ്രകാരം ഉത്തരവാകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 149 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ തുക 4235-02-102-87 പ്ലാൻ ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് പരാമർശം (3) പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു . ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 149 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയും നിർമ്മാണ ചുമതല LSGD കെട്ടിട വിഭാഗം ചീഫ്

എഞ്ചിനീയർക്ക് നല്കികൊണ്ടും പരാമർശം (4) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്

പ്രസ്തുത പദ്ധതി പ്രകാരം നിർമ്മാണാനുമതി നൽകിയിരുന്ന അരീക്കോട് ഐസിഡിഎസ്സ് പ്രോജക്ടിലെ അരീക്കോട് ഗ്രാമപഞ്ചായത്തിലെ 17-ാം നമ്പർ അങ്കണവാടിയ്ക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കെട്ടിട നിർമ്മാണം പൂർത്തിയാക്കിയതിനാൽ ടി അങ്കണവാടിയെ സ്റ്റേറ്റ് പ്ലാൻ പദ്ധതിയിൽ നിന്നും ഒഴിവാക്കി പകരം സ്ഥലം ലഭ്യമായിട്ടുള്ള അരീക്കോട് പഞ്ചായത്തിലെ 16-ാം നമ്പർ അങ്കണവാടിയ്ക്ക് ടി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണാനുമതി നൽകണമെന്ന് അരീക്കോട് ശിശുവികസനപദ്ധതി ആഫീസർ പരാമർശം (5) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ പദ്ധതി പ്രകാരം കെട്ടിടം നിർമ്മാണം നടത്തുന്നതിന് നിർമ്മാണചെലവിന്റെ 40% തുക അരീക്കോട് പഞ്ചായത്ത് വകയിരുത്തിയിട്ടുണ്ട് എന്നും ശിശുവികസനപദ്ധതി ആഫീസർ അറിയിച്ചിട്ടുണ്ട്.

ടി സാഹചര്യത്തിൽ അരീക്കോട് ഐസിഡിഎസ്സ് പ്രോജക്ടിലെ അരീക്കോട് പഞ്ചായത്തിലെ 17-ാം നമ്പർ അങ്കണവാടിയെ പദ്ധതിയിൽ നിന്നും ഒഴിവാക്കി പകരം ടി പഞ്ചായത്തിലെ 16-ാം നമ്പർ അങ്കണവാടിയ്ക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തികൾ LSGD കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ ഏറ്റെടുത്ത് നടപ്പാക്കേണ്ടതാണ്.

മേൽ ഭേദഗതിയോടെ പരാമർശം (4 ) പ്രകാരമുള്ള ഉത്തരവ് നിലനിൽക്കുന്നതാണ്

ചീഫ് എഞ്ചിനീയർ
LSGD കെട്ടിട വിഭാഗം

ഒപ്പ്
വനിതശിശുവികസനഡയറക്ടർ

<u>പകർപ്പ്</u>

1.പ്രോഗ്രാം ആഫീസർ,മലപ്പുറം

2.സിഡിപിഒ, അരീക്കോട്

3.ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Sende

സൂപ്രണ്ട്

2/